**KERALA STATE ELECTRICITY REGULATORY COMMISSION**
KPFC BHAVANAM, C.V. RAMAN PILLAI ROAD, VELLAYAMBALAM,
THIRUVANANTHAPURAM, KERALA, PIN 695 010

Phone: 0471 273 5544, FAX 0471 273 5599, Website: www.erckerala.org
E-mail: kserc@erckerala.org

No. 464/Com.Ex/2017/KSERC Date: 24.07.2017

## അറിയിപ്പ്

വിഷയം: കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ- ലഘു ലേഖകൾ അച്ചടിക്കുന്നതു സംബന്ധിച്ച്.

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, താഴെ സൂചിപ്പിക്കുന്ന 3 ലഘു ലേഖകളുടെ 50,000 പകർപ്പുകൾ അച്ചടിച്ച് വിതരണം ചെയ്യാൻ ആഗ്രഹിക്കുന്നു.

1. കേരളത്തിലെ വൈദ്യുതി വിതരണ ലൈസൻസികൾ ഉപഭോക്താക്കൾക്ക് നിർബന്ധമായും ഉറപ്പാക്കേണ്ട സേവനങ്ങളുടെ നിലവാരം (15 പേജ്).
2. വൈദ്യുതി ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഓംബുഡ്സ്മാനും- പരാതി പരിഹാര സംവിധാനങ്ങളും പരാതി സമർപ്പിക്കേണ്ട രീതിയും (8 പേജ്).
3. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിൽ അപേക്ഷയോടൊപ്പം ലൈസൻസിക്ക് സമർപ്പിക്കേണ്ട രേഖകൾ (4 പേജ്).

മൂന്നു ലഘു ലേഖകളും മൂന്ന് വ്യത്യസ്ത നിറത്തിലുള്ള പേപ്പറുകളിൽ ആണ് അച്ചടിക്കേണ്ടത് (പ്രത്യേകതകൾ- ഡമ്മി 1/2-നീളം, ഡി.റ്റി.പി പ്രിന്റിംഗ്- 45 ജി.എസ്.എം പേപ്പർ).

മുകളിൽ സൂചിപ്പിച്ച ലഘു ലേഖകളുടെ (Brochure) 50,000 പകർപ്പു വീതം അച്ചടിച്ച് കമ്മീഷൻ ഓഫീസിൽ നൽകുന്നതിനുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ സ്വീകരിച്ച് ഉത്തരവു നൽകി കഴിഞ്ഞാൽ 15 ദിവസത്തിനകം അച്ചടിച്ച ലഘു ലേഖകൾ കമ്മീഷൻ ഓഫീസിൽ ലഭിച്ചിരിക്കണം.

ക്വട്ടേഷൻ കമ്മീഷൻ ഓഫീസിൽ ലഭിക്കേണ്ട അവസാന ദിവസം 08.08.2017 വൈകുന്നേരം 3 മണിയായി നിശ്ചയിച്ചിരിക്കുന്നു. "സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്. സി ഭവനം, സി.വി.രാമൻ പിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം എന്ന അഡ്രസിലേയ്ക്കാണ് അയക്കേണ്ടത്".

ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് കമ്മീഷൻ സെക്രട്ടറിയുമായി ബന്ധപ്പെടാവുന്നതാണ് (Phone No: 0471-2735544).

സെക്രട്ടറി

CA to Chairman- for publication in the website.